**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 180** **30-09-2025 - ൽ മറുപടിയ്ക്ക്**

**അർഹരായവർക്ക് മുൻഗണനാ റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മുൻഗണനാ കാർഡിന് അർഹതയുണ്ടായിട്ടും കേന്ദ്രസർക്കാർ നിശ്ചയിച്ച ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട നിരവധി പേരെ സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച നൽകിയിട്ടുള്ള, മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള അംഗങ്ങളുടെ പരിധി 15480040 ആണ്. 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പരിധി നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ എല്ലാ അർഹരായ കുടുംബങ്ങൾക്കും NFSA പ്രകാരം നിശ്ചയിച്ച നൽകിയിട്ടുള്ള പരിധിക്ക് ഉപരിയായി മുൻഗണനാ കാർഡുകൾ അനുവദിക്കുന്നതിന് കഴിയില്ല. എങ്കിലും സർക്കാരിന്റെ ഫലപ്രദമായ ഇടപെടലിലൂടെ അർഹരായ എല്ലാ കുടുംബങ്ങളെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. |
| (ബി) | റേഷൻകാർഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ സംബന്ധിച്ചുള്ള അപാകതകൾ പരിഹരിക്കുന്നതിനും അതിൻപ്രകാരം അർഹരായവരെയെല്ലാം മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | Kerala Food Security Rules 2018 ഖണ്ഡിക (6) ൽ മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക (7) ൽ അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ഇത് പ്രകാരമാണ് സംസ്ഥാനത്ത് മുൻഗണനാ കാർഡുകൾ അനുവദിക്കുന്നത്. അർഹരായവരെയെല്ലാം മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായി കണക്കാക്കി നടപടി കൈക്കൊണ്ട് വരുന്നതിനാൽ അനർഹരെ ഒഴിവാക്കുന്നതിനും അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നു. |
| (സി) | ഓരോ അപേക്ഷയും പ്രത്യേകം പരിശോധിച്ച് മുൻഗണനാ കാർഡിന് അർഹരാണെന്ന് കാണുന്ന പക്ഷം മാനദണ്ഡങ്ങളിൽ ഇളവ് നൽകി മുൻഗണനാ കാർഡുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ ഗുരുതരരോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ എന്നിവ പരിശോധിച്ച് പ്രസ്തുത കുടുംബങ്ങളെ മെരിറ്റടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്താൻ 27.10.2020-ലെ 319/2020/ ഭ.പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നതും തീർത്തും അർഹരതുമായ കുടുംബങ്ങളുടെ കാർഡുകൾ ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർ, താലൂക്ക് സപ്ലൈ ഓഫീസർ എന്നിവരുടെ സ്പെഷ്യൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റി നല്കി വരുന്നുണ്ട്. |
| (ഡി) | അനർഹർ സ്വമേധയാ സറണ്ടർ ചെയ്യതും ഓപ്പറേഷൻ യെല്ലോ ഉൾപ്പെടെയുള്ള പരിശോധനാ നടപടികളിലൂടെ ലഭ്യമായതുമായ മുൻഗണനാ കാർഡുകൾ അർഹരായവരുടെ കൈകളിൽ യഥാസമയം എത്തിയ്ക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി അനുവദിച്ചതും തരം മാറ്റി നല്കിയതും ഉൾപ്പെടെ 640786 മുൻഗണനാ കാർഡുകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ ലഭ്യഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി അനുവദിച്ചതും തരം മാറ്റി നല്കിയതും ഉൾപ്പെടെ 640786 മുൻഗണനാ കാർഡുകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ ലഭ്യമായിട്ടുള്ള എല്ലാ മുൻഗണനാ അപേക്ഷകളും പരിശോധനയ്ക്ക് വിധേയമാക്കുകയും അർഹരായ എല്ലാ കുടുംബങ്ങൾക്കും മുൻഗണനാ കാർഡുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അർഹരായ മുൻഗണനേതര കുടുംബങ്ങൾക്ക് കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിന് 2025 സെപ്റ്റംബർ മാസം 20 മുതൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകി യിട്ടുണ്ട്.മായിട്ടുള്ള എല്ലാ മുൻഗണനാ അപേക്ഷകളും പരിശോധനയ്ക്ക് വിധേയമാക്കുകയും അർഹരായ എല്ലാ കുടുംബങ്ങൾക്കും മുൻഗണനാ കാർഡുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അർഹരായ മുൻഗണനേതര കുടുംബങ്ങൾക്ക് കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിന് 2025 സെപ്റ്റംബർ മാസം 20 മുതൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ